# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.495 28.02.2017 - ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.സി. ജോസഫ്

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 31.12.2016 വരെയുള്ള കാലയളവിലെ നികുതി വരുമാനത്തിലെ വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 10.02 ശതമാനമാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 8.98 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന് 16.47 ശതമാനം വളർച്ചയുണ്ടായി. ഈ കാലയളവിൽ സർക്കാരിന്റെ ആകെ ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 13.32 ശതമാനം കൂടിയിട്ടുണ്ട്. 31.12.2016 ലെ റവന്യൂ കമ്മി 8901 കോടി രൂപയും ധനകമ്മി 13739.72 കോടി രൂപയുമാണ്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം വരവുണ്ടായിയെന്നും ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം ചെലവുണ്ടായി എന്നും അറിയിക്കുമോ; | 31.12.2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് വരുമാനം 30214.66 കോടി രൂപയും നികുതിയേതര വരുമാനം 5277.54 കോടിയും കേന്ദ്ര നികുതി വിഹിതം 9567.59 കോടിയും കേന്ദ്ര ധനസഹായം 5347.70 കോടി രൂപയുമാണ്. 01.04.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ആകെ റവന്യൂ ചെലവ് 59308.49 കോടി രൂപയും മൂലധന ചെലവ് 4535.63 കോടി രൂപയും വായ്പാ ചെലവ് 303.09 കോടി രൂപയുമാണ്. |

| | | |
|---|---|---|
| (സി) | ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സമാഹ്യത വിഭവങ്ങളിൽ വികസനത്തിനു വേണ്ടി ചെലവഴിച്ചത് എത്ര കോടി വീതമാണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 01.04.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ 36311.05 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | 2016-17 ലെ മൂലധനച്ചെലവ് പ്രതീക്ഷിച്ചത് എത്രയാണെന്നും യഥാർത്ഥത്തിൽ ഇതുവരെ ഉണ്ടായ മൂലധനച്ചെലവ് എത്രയെന്നും വിശദമാക്കാമോ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച മൂലധന ചെലവ് 9572.92 കോടി രൂപയും 31.12.2016 വരെയുള്ള കാലയളവിലെ ചെലവ് 4535.63 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ